ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.11.2025**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചു. ഡിസംബർ 9, 11 തീയതികളിൽ തിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ ഡിസംബർ 13ന്.
2. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് അംഗോളൻ ദേശീയ അസംബ്ലിയിൽ പാർലമെൻറ് അംഗങ്ങളെ ഇന്ന് അഭിസംബോധന ചെയ്യും.
3. കേന്ദ്ര മന്ത്രി ധർമ്മേന്ദ്ര പ്രധാനുമായി മന്ത്രി വി ശിവൻകുട്ടി ഇന്ന് കൂടിക്കാഴ്ച്ച നടത്തും.
4. സമരത്തിലുള്ള മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി മന്ത്രി വീണാ ജോർജ്ജ് ഇന്ന് ചർച്ച നടത്തും.
5. സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഇന്ന് പാലക്കാട് സമാപിക്കും. മലപ്പുറം മുന്നേറ്റം തുടരുന്നു.
6. സംസ്ഥാനത്ത് തെക്കൻജില്ലകളിൽ മഴ തുടരും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

തിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങളിലേക്കുള്ള സംസ്ഥാന തിരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കുന്നു. തിരഞ്ഞെടുപ്പ് രണ്ട് ഘട്ടങ്ങളിൽ ആയി നടക്കും. തിരുനനന്തപുരം മുതൽ എറണാകുളം വരെ ഡിസംബർ 9ന് വോട്ടെടുപ്പ് നടക്കും. രണ്ടാം ഘട്ടം ഡിസംബർ 11ന് നടക്കും. 13 നാണ് വോട്ടെണ്ണൽ. 1199 തദ്ദേശ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടക്കും. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 86 മുൻസിപ്പൽ കൗൺസിലുകൾ, 6 കോർപറേഷനുകൾ എന്നിവിടങ്ങളിലേക്കാണ് വോട്ടെടുപ്പ് നടക്കുക. ആകെ 2 കോടി 84 ലക്ഷത്തി 30,761 പേരാണ് സമ്മതിദാന അവകാശം വിനിയോഗിക്കുക. സംസ്ഥാനത്ത് ആകെ 1 കോടി 34 ലക്ഷത്തി 12,470 പുരുഷ വോട്ടർമാരും 1 കോടി 50 ലക്ഷത്തി 18,010 സ്ത്രീ വോട്ടർമാരും 281 ട്രാൻസ്ജൻഡർ വോട്ടർമാരുമാണ് ഉള്ളത്. 33,746 പോളിങ് സ്റ്റേഷനുകളാണ് തിരഞ്ഞെടുപ്പിനായി സജ്ജമാക്കിയിട്ടുള്ളതെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു. ഇതോടെ മാതൃകാ പെരുമാറ്റ ചട്ടവും നിലവിൽ വന്നു. സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങൾക്കും പെരുമാറ്റ ചട്ടം ബാധകമായിരിക്കും.

PNU TVPM

## കോഴിക്കോട് - സ്ഥാനാർത്ഥി

കോഴിക്കോട് കോർപ്പറേഷൻ CMP സ്ഥാനാർഥികളെ പ്രഖ്യാപിച്ചു. കോർപ്പറേഷൻ 60-ാം ഡിവിഷൻ, ചാലപ്പുറം 51-ാം ഡിവിഷൻ, നടുവട്ടം എന്നിവിടങ്ങളിലാണ് സ്ഥാനാർഥികളെ പ്രഖ്യാപിച്ചത്.

## ബിഹാർ - തെരഞ്ഞെടുപ്പ്

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിലേക്കുള്ള വോട്ടെടുപ്പ് നാളെ. ഇന്ന് നിശബ്ദ പ്രചാരണമാണ്. പരസ്യ പ്രചാരണം ഇന്നലെ അവസാനിച്ചു. 20 ജില്ലകളിലെ 122 നിയമസഭാ മണ്ഡലങ്ങളിൽ നാളെയാണ്

വോട്ടെടുപ്പ്. 3.7 കോടിയിലധികം വോട്ടർമാരാണ് സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്. വോട്ടെണ്ണൽ ഈ മാസം 14 ന് നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് അംഗോളൻ ദേശീയ അസംബ്ലിയിൽ പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യും. അംഗോളയിലെ ഇന്ത്യൻ സമൂഹത്തെയും രാഷ്ട്രപതി ഇന്ന് അഭിസംബോധന ചെയ്യും. നാളെ, അംഗോളയുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികാഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ നാളെ, മുതൽ ഈ മാസം 13 വരെ ശ്രീമതി മുർമു ബോട്സ്വാന സന്ദർശിക്കും.

PIU TVPM

☸☸☸☸☸☸☸☸☸☸☸☸☸

## ശിവൻകുട്ടി - ധർമേന്ദ്ര പ്രധാൻ കൂടിക്കാഴ്ച്ച

കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാനുമായി മന്ത്രി വി ശിവൻകുട്ടി ഇന്ന് കൂടിക്കാഴ്ച്ച നടത്തും. വൈകുന്നേരം 3 മണിക്ക് ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രിയുടെ വസതിയിലാണ് കൂടിക്കാഴ്ച.

☸☸☸☸☸☸☸☸☸☸☸☸☸

## വീണജോർജ്ജ് - ചർച്ച

സമരത്തിലുള്ള മെഡിക്കൽ കോളേജ് ഡോക്ടർമാരുമായി മന്ത്രി വീണാ ജോർജ്ജ് ഇന്ന് ചർച്ച നടത്തും. ഉച്ചക്ക് ശേഷം തിരുവനന്തപുരത്താണ് ചർച്ച. കെ ജി എം സി ടി എ യുടെ നേതൃത്വത്തിൽ ഈ മാസം 13 ന് സമ്പൂർണ പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ചർച്ച.

☸☸☸☸☸☸☸☸☸☸☸☸☸

## പാലക്കാട് - ഇൻട്രോ

പാലക്കാട് നടക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം ഇന്ന് സമാപനമാകും. നിലവിലെ ചാമ്പ്യന്മാരായ മലപ്പുറം ജില്ല 1124 പോയിന്റുമായി ഒന്നാം സ്ഥാനത്ത് തുടരുന്നു.1095 പോയിന്റുമായി കണ്ണൂരും 1066 പോയിന്റുമായി കോഴിക്കോടുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ ആലിമുത്ത്

(ഹോൾഡ് വോയ്സ്........)

## മഴ - സംസ്ഥാനം

കേരളത്തിൻറെ തെക്കൻജില്ലകളിൽ മഴ തുടരുന്നു. ഇന്നു ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ജില്ലകളിൽ ഇന്നു മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

RIJU TVPM

## കോഴിക്കോട് ആഫ്രിക്കൻ പന്നി പനി (ഇൻട്രോ)

കോഴിക്കോട് കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുണ്ടൂരിൽ ആഫ്രിക്കൻ പന്നി പനി സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി. 10 കിലോമീറ്റർ പരിധിയിൽ ആറ് മാസത്തേക്ക് നിരീക്ഷണം ശക്തമാക്കാൻ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർന്ന അടിയന്തര അവലോകന യോഗം തീരുമാനിച്ചു. മൂന്ന് മാസത്തിനകം പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യിട്ടിലെങ്കിൽ നിലവിൽ എർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർ ബാബു ....

(വോയ്സ്)

## ശബരിമല

ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിന് വെർച്വൽ ക്യൂ ബുക്കിംഗ് നിർബന്ധമായി പാലിക്കണമെന്ന് കേരള പോലീസ്. തിരക്ക് ഒഴിവാക്കുന്നതിനായി ബുക്കിംഗിൽ അനുവദിച്ചിട്ടുള്ള സമയ സ്ലോട്ട് കർശനമായി പാലിക്കണമെന്നും പോലീസ് അറിയിച്ചു. വെർച്വൽ ക്യൂ ബുക്കിംഗ് ഇല്ലാത്തവർക്ക് നീണ്ട കാത്തിരിപ്പ് സമയം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്താണ് നിർദേശം.

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ (ഇൻട്രോ)

കണ്ണൂരിൽ നടക്കുന്ന സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കണ്ണൂർ വാരിയേഴ്സ് എഫ്സി -തിരുവനന്തപുരം കൊമ്പൻസുമായി ഏറ്റുമുട്ടും. ജവഹർ സ്റ്റേഡിയത്തിൽ രാത്രി 7.30 ന് ആണ് മത്സരം.

കൂടുതൽ വിവിരങ്ങളുമായി ആകാശവാണി പ്രതിനിധി കെ.ഒ.ശശിധരൻ.

(ഹോൾഡ് വോയ്സ്...........)

RNU TVPM

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ മൂന്നാം ദിവസം
കേരളത്തിനെതിരെ സൗരാഷ്ട്രയുടെ രണ്ടാം ഇന്നിങ്സ്
ബാറ്റിംഗ് പുരോഗമിക്കുന്നു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ
സൗരാഷ്ട്ര 3 വിക്കറ്റ് നഷ്ടത്തിൽ 82 എന്ന നിലയിലാണ്. നേരത്തെ
കേരളം 73 റൺസിന്റെ ഒന്നാമിന്നിങ്സ് ലീഡ് നേടിയിരുന്നു .

## ചെസ്സ്

ഗോവയിൽ നടക്കുന്ന FIDE ചെസ് വേൾഡ് കപ്പിൽ ഇന്ത്യയുടെ കാർത്തിക് വെങ്കിട്ടരാമൻ നാലാം റൗണ്ടിൽ പ്രവേശിച്ചു. അർജുൻ എരിഗൈസി, ആർ പ്രഗ്നാനന്ദ, പി ഹരികൃഷ്ണ, വി പ്രണവ് എന്നിവരാണ് നാലാം റൗണ്ടിലേക്ക് യോഗ്യത നേടിയ മറ്റു താരങ്ങൾ. ലോകകപ്പിലെ ആദ്യ മൂന്ന് സ്ഥാനക്കാർ കാൻഡിഡേറ്റ്സ് ടൂർണമെന്റിലേക്ക് യോഗ്യത നേടും

☸☸☸☸☸☸☸☸☸☸☸☸☸

## ബി ജെ പി- പദയാത്ര

ബിജെപി സംസ്ഥാന സെക്രട്ടറി വി വി രാജേഷ് തിരുവനന്ത പുരത്തു നയിക്കുന്ന അനന്തപുരി വികസന സന്ദേശ പദയാത്രയുടെ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുട്ടട ജംഗ്ഷനിൽ ബിജെപി സംസ്ഥാന ഉപാദ്ധ്യക്ഷൻ കെ. സോമൻ നിർവ്വഹിക്കും. മുട്ടട നിന്ന് അമ്പലമുക്ക്, പേരൂർക്കട വഴി കുടപ്പനക്കുന്നിൽ സമാപന സമ്മേളനത്തോടെ പദയയാത്ര സമാപിക്കും.

PNUTVPM

☸☸☸☸☸☸☸☸☸☸☸☸☸

## പി വി അൻവർ

തദ്ദേശ തെരഞ്ഞെടുപ്പിൽ എൽഡിഎഫുമായി സഹകരിക്കില്ലെന്ന് മുൻ എംഎൽഎയും ടിഎംസി നേതാവുമായ പി വി അൻവർ. എൽഡിഎഫിന് എതിരെ ആരുമായും സഹകരിക്കുമെന്നും അദ്ദേഹം മലപ്പുറത്ത് പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## ഇടുക്കി - അപകടം

ഇടുക്കി തൊടുപുഴയ്ക്ക് സമീപഠ വാഹനാപകടത്തിൽ ഒരാൾ മരിച്ചു. ബൈക്കും ഓട്ടോയും കൂട്ടിയിടിച്ച് ആയിരുന്നു അപകടം. കുന്നം കാരുപാറ സ്വദേശി സോജി സോജൻ മരിച്ചത്.

☸☸☸☸☸☸☸☸☸☸☸☸☸

## പ്രതിയെ അറസ്റ്റ് ചെയ്തു

കസ്റ്റഡിയിൽ നിന്ന് ചാടിപ്പോയ പ്രതിയെ അറസ്റ്റ് ചെയ്തു. തൃശ്ശൂരിൽ ഒളിവിൽ കഴിഞ്ഞിരുന്ന തൃശ്ശൂർ ചെന്ത്രാപ്പിന്നി സ്വദേശി സുഹാസിനെയാണ് ബത്തേരി പോലീസ് പിടികൂടിയത്. കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്തുനിന്നു അറസ്റ്റ് ചെയ്തു കൊണ്ടുവരുന്നതിനിടെ മൂന്ന് ദിവസം മുമ്പാണ് ഇയാൾ രക്ഷപ്പെട്ടത്. ബത്തേരി മുത്തങ്ങ കല്ലൂരിൽ ഇന്നോവ കാർ ആക്രമിച്ച് കടത്തിക്കൊണ്ടുപോയ കേസിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

## ജലവിതരണം തടസ്സപ്പെടും

തിരുവനന്തപുരം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നാളെയും മറ്റന്നാളും ശുദ്ധജലവിതരണം ഭാഗികമായും 13ന് പൂർണമായും തടസ്സപ്പെടും. കുര്യാത്തി സെക്ഷൻ പരിധിയിലേയും പാറ്റൂർ സെക്ഷൻ പരിധിയിലേയും വിവിധ വാർഡുകളിൽ ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ മുൻകരുതലുകൾ സ്വീകരിക്കേണ്ടണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

PNU TVPM

## കോഴിക്കോട് സംസ്ഥാന വിവരാവകാശ കമ്മീഷൻ

സംസ്ഥാന വിവരാവകാശ കമീഷൻ നാളെ കോഴിക്കോട് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലും വെള്ളിയാഴ്ച കോഴിക്കോട് താലൂക്ക് കോൺഫറൻസ് ഹാളിലും സിറ്റിങ് നടത്തും. സംസ്ഥാന വിവരാവകാശ കമ്മീഷണർ ടി.കെ രാമകൃഷ്ണൻ ഹർജികൾ പരിഗണിക്കും

## സ്വർണവില - ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം .ബോംബെ ഓഹരി സൂചിക സെൻസെക്സ് 516 പോയിന്റ് നേട്ടത്തിൽ 83,738 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 119 പോയിന്റ് ഉയർന്നു 25,627 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി. സ്വർണം ഗ്രാമിന് 110 രൂപ ഉയർന്നു 11,295 രൂപയും, പവന് 880 രൂപ വർധിച്ച് 90,360 രൂപയുമാണ് ഇന്നത്തെ വില.

## മലബാർ

ബഹുമുഖ നാവികാഭ്യാസമായ മലബാർ- 2025 പങ്കെടുക്കുന്ന തിനായി നാവിക സേനയുടെ കപ്പൽ ഐഎൻഎസ് സഹ്യാദ്രി വടക്കൻ പസഫിക്കിലെ ഗുവാമിലെത്തി. പരസ്പര പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക, പ്രാദേശിക സുരക്ഷ ഉറപ്പാക്കുക എന്നിവയിലെ ഇന്ത്യയുടെ പ്രതിബദ്ധതയെ ഊട്ടിയുറപ്പിക്കുകയാണ് ലക്ഷ്യമെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് ഐഎൻഎസ് സഹ്യാദ്രി നിരവധി പരിശീലനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്

RNU TVPM